# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6567 04.04.2018 ൽ മറുപടിക്ക്**

**പി.ഡബ്ല്യു.ഡി റോഡിന്റെ സൈഡിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആന്റണി ജോൺ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പി.ഡബ്ല്യു.ഡി റോഡിന്റെ സൈഡിൽ വർഷങ്ങളായി ഭൂമി കൈവശം വച്ച് താമസിക്കുന്ന അർഹരായ ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി.യുടെ എൻ.ഒ.സി വേണമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എൻ.ഒ.സി ക്ക് പകരമായി റോഡിൽ നിന്നും നിശ്ചിതദൂരം പരിധി നിശ്ചയിച്ച് തീരുമാനം കൈക്കൊണ്ടാൽ നിരവധി അർഹരായവർക്ക് പട്ടയം ലഭ്യമാകാൻ സഹായകരമാവുമെന്നതിനാൽ ഇക്കാര്യത്തിൽ പി.ഡബ്ല്യു.ഡി-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായി ഒരു തീരുമാനമെടുക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | ബി) എൻ.ഒ.സി ക്ക് പകരമായി റോഡിൽ നിന്നും നിശ്ചിതദൂരം പരിധി നിശ്ചയിച്ച് റോഡിന്റെ സൈഡിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് റോഡിന്റെ ഭാവി വികസനം തടസ്സപ്പെടുത്തുവാൻ ഇടയാകുന്നത് കൊണ്ട് നിശ്ചിത ദൂരപരിധി നിശ്ചയിക്കുന്നത് പ്രായോഗികമല്ല. റോഡിന്റെ തൊട്ടരുകിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്ന രീതി ഒട്ടും പ്രോത്സാഹിപ്പിക്കേണ്ടതല്ല. കാരണം റോഡുകൾ നിരന്തരം വികസിപ്പിക്കേണ്ട ജനകീയ സഞ്ചാരപാതകളാണ്. |

സെക്ഷൻ ഓഫീസർ